# ദുരന്തങ്ങൾ ആവർത്തിക്കുമെന്ന് മാർ ഈവാനിയോസിന്റെ മുന്നറിയിപ്പ്

ദേവലോകം: സ്ക്രീനിംഗ് കമ്മറ്റിയുടെ ലിസ്റ്റിലുള്ള രണ്ടു പേർ ഒരു കാരണവശാലും മെത്രാൻ സ്ഥാനത്തിന് അർഹരല്ലെന്നും അവരെ മെത്രാന്മാരാക്കിയാൽ 'ദുരന്തങ്ങൾ' ആവർത്തിക്കുമെന്നും സ്ക്രീനിംഗ് കമ്മറ്റിയംഗമായ ഗീവർഗീസ് മാർ ഈവാനിയോസ് സ്ക്രീനിംഗ് കമ്മറ്റി യോഗത്തിൽ ശക്തമായി ആവശ്യപ്പെടുകയും അവരെക്കുറിച്ച് രേഖാമൂലം പരാതി നൽകുകയും ചെയ്ത വിവരം പുറത്തുവന്നതോടെ മെത്രാൻ സ്ഥാനാർത്ഥി പട്ടിക മാത്യൂസ് മാർ സേവേറിയോസിന്റെയും, തോമസ് മാർ അത്താനാസ്യോസിന്റെയും 'വിശ്വാമിത്ര സൃഷ്ടി'യാണെന്ന വാദം ശരിയാണെന്ന് തെളിയുന്നു.

ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ബോധപൂർവ്വം ഫാ. ജോർജ് പുലിക്കോട്ടിലിനെ പുറത്താക്കാൻ തന്റെ സ്ഥാനം മറന്ന് കളിച്ചതിന്റെ വിശദാംശങ്ങളും എം. ടി. വി. യ്ക്ക് ലഭിച്ചിട്ടുണ്ട്. പത്തു പേരുടെ ലിസ്റ്റിൽ ഇടം കണ്ട ഫാ. അലക്സ് ഡാനിയേൽ രണ്ടു വർഷം പോലും ഇടവക സേവനം ഇല്ലാത്ത ആളാണെന്നും അദ്ദേഹം എഴുതിക്കൊടുത്ത ഇടവകകളിൽ പലതും പേരിനു മാത്രം ഉള്ളതാണെന്നും നാഗ്പൂർ സെമിനാരിയിലെ അദ്ധ്യാപകരും വിദ്ധ്യാർത്ഥികളും തന്നെ സാക്ഷ്യപ്പെടുത്തുന്നു. ഇതേ സമയം, ഇടവകസേവനത്തോടൊപ്പം വേദശാസ്ത്ര പഠനവും നടത്തിയിരുന്നു എന്ന് സത്യസന്ധമായി എഴുതിക്കൊടുത്ത ഫാ. ജോർജ് പുലിക്കോട്ടിലിന് പഠനം നടത്തിയ കാലത്തെ ഇടവക സേവനം പരിഗണിക്കാതെ, ഓർത്തഡോക്സ് സെമിനാരിയിലെ അദ്ധ്യാപകനായിരുന്ന കാലഘട്ടത്തിലെ ഇടവക സേവനം മാത്രം പരിഗണിച്ചത് ശ്രേഷ്ഠ നിയുക്ത ബാവായും മാർ സേവേറിയോസും അദ്ദേഹത്തെ ഒഴിവാക്കാൻ ബോധപൂർവ്വം ശ്രമിച്ചതിന്റെ ഫലമായിട്ടാണെന്ന് ആരോപിക്കപ്പെടുന്നു.

*(എം. ടി. വി. സഭാംഗങ്ങൾ അല്ലാത്തവരും വായിക്കുന്നതിനാൽ ഈ വാർത്തയിൽ പറയുന്ന കാര്യങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്താൻ സാധിക്കാത്തതിൽ ഖേദിക്കുന്നു - എഡിറ്റർ)*